ജയിൽ റിവ്യൂ കമ്മിറ്റി ശുപാർശകൾ

87 [1604] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ റിവ്യൂ കമ്മിറ്റി എന്നാണ് സർക്കാർ പുനഃസംഘടിപ്പിച്ചത്;

(ബി) ജയിൽ റിവ്യൂ കമ്മിറ്റിയിൽ അംഗങ്ങൾ ആരൊക്കെയാണ്; ജയിൽ റിവ്യൂ കമ്മിറ്റി പുനഃസംഘടിപ്പിക്കപ്പെട്ടശേഷം എത്ര പൊതുയോഗം കൂടിയിട്ടുണ്ട് ;

(സി) വിവിധ ജയിലുകളിലെ തടവുകാരിൽ നല്ലനടപ്പുള്ള എത്ര തടവുകാരെയാണ് ജയിൽ റിവ്യൂ കമ്മിറ്റി ശിക്ഷയിൽ ഇളവുനൽകി വിട്ടയയ്ക്കുവാൻ ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുള്ളത്;

(ഡി) ജയിൽ റിവ്യൂ കമ്മിറ്റി ശുപാർശ ചെയ്ത തടവുകാർ ആരൊക്കെയാണെന്നും ഇവരെ വിടുതൽ ചെയ്യുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടി എന്താണെന്നും വെളിപ്പെടുത്താമോ;

(ഇ) ജയിൽ റിവ്യൂ കമ്മിറ്റി വിടുതൽ ചെയ്യുന്നതിന് ശുപാർശ ചെയ്ത തടവുകാരെ വിട്ടയയ്ക്കുന്നതിൽ എന്നത്തേക്ക് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 31-3-2004-ലെ ജി. ഒ. (എംഎസ്.) 130/2004/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം പ്രിസൺ റിവ്യൂ കമ്മിറ്റി പുനഃസംഘടിപ്പിച്ചു.

(ബി) ജയിൽ റിവ്യൂ കമ്മിറ്റിയിലെ അംഗങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ (ചെയർമാൻ)
2. ആഭ്യന്തര വകുപ്പ് സെക്രട്ടറി (മെമ്പർ)
3. നിയമവകുപ്പ് സെക്രട്ടറി (മെമ്പർ)
4. ജയിൽ വകുപ്പ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് (മെമ്പർ)
5. പോലീസ് വകുപ്പ് ഭരണ വിഭാഗം ഇൻസ്പെക്ടർ ജനറൽ (മെമ്പർ)
6. സോഷ്യൽ വെൽഫയർ ഡയറക്ടർ (മെമ്പർ)
7. ശ്രീ. ജെയിംസ് വടക്കുഞ്ചേരി (മെമ്പർ)
8. ജയിൽ വകുപ്പ് ആസ്ഥാന കാര്യാലയം ഡി. ഐ. ജി. (കൺവീനർ)

പുനഃസംഘടിപ്പിക്കപ്പെട്ടശേഷം ജയിൽ റിവ്യൂ കമ്മിറ്റി 8 തവണ യോഗം ചേർന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 135 തടവുകാരെ

(ഡി) ആന്റ് (ഇ) ജയിൽ റിവ്യൂ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് അവരുടെ പേരുകൾ വെളിപ്പെടുത്തുന്നതാണ്.

വിട്ടയയ്ക്കപ്പെട്ട തടവുകാർ

88 [1605] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ അഡ്വൈസറി കമ്മിറ്റി, റിവ്യൂ കമ്മിറ്റി എന്നിവയുടെ ശുപാർശ പ്രകാരം എത്ര തടവുകാരെ സർക്കാർ വിട്ടയച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പത്ത് വർഷം മുതൽ 20 വർഷം വരെ ശിക്ഷ പൂർത്തിയാക്കിയ എത്ര ജീവപര്യന്തം തടവുകാർ കേരളത്തിലെ ജയിലുകളിൽ കഴിയുന്നു എന്ന് വ്യക്തമാക്കാമോ;

(സി) തടവുകാരുടെ മോചനത്തിന് പ്രത്യേക ഇളവ് വ്യവസ്ഥകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ ശിക്ഷ ഇളവുകിട്ടിയ എത്ര തടവുകാരെ കേരളത്തിലെ ജയിലുകളിൽ നിന്നും ഈ സർക്കാമിന്റെ കാലയളവിൽ വിടുതൽ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ആരെയും വിടുതൽ ചെയ്തിട്ടില്ല.

(ബി) 254 തടവുകാർ

(സി) അംബേദ്കർ ജന്മശതാബ്ദിയോടനുബന്ധിച്ച് 11-9-1991-ലെ ജി. ഒ. (ആർ‌ടി.) 4464/91/ഹോം എന്ന ഉത്തരവ് പ്രകാരവും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന്റെ 50-ാം വാർഷികം പ്രമാണിച്ച് 22-9-1997-ലെ ജി. ഒ. (ആർ‌ടി.) 4150/97/ഹോം എന്ന ഉത്തരവ് പ്രകാരവും മില്ലേനിയം ആഘോഷപരിപാടിയുടെ ഭാഗമായി 4-4-2000-ലെ ജി. ഒ. (എംഎസ്.) 87/2000/ഹോം എന്ന ഉത്തരവ് പ്രകാരവും അങ്ങനെ മൂന്നു തവണ സർക്കാർ, തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് നൽകുകയും അതനുസരിച്ച് അവരെ വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ജയിൽ വകുപ്പിലെ ഫീമെയിൽ വാർഡർമാർ

89 [1606] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജയിൽ വകുപ്പിൽ ആകെ എത്ര ഫീമെയിൽ വാർഡർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly